# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 240 09.03.2015-ൽ മറുപടിയ്ക്ക്

## ആർ.ടി.ഒ. ഓഫീസുകൾ - വിജിലൻസ് റെയ്ഡുകൾ

| | ചോദ്യം<br>ശ്രീമതി. കെ.കെ.ലതിക | | മറുപടി<br>ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം ആർ.ടി.ഒ. ഓഫീസുകളിൽ വിജിലൻസ് റെയ്ഡുകൾ നടന്നിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ; | (എ) | 14 ജില്ലകളിലുംകൂടി 99 ഓഫീസുകളിൽ മിന്നൽ പരിശോധന നടത്തിയിട്ടുണ്ട്. |
| (ബി) | വിജിലൻസ് റെയ്ഡുകളിൽ ഏതെല്ലാം ഓഫീസുകളിലാണ് ക്രമക്കേടുകളും അഴിമതിയും കണ്ടെത്തിയിട്ടുള്ളത്; | (ബി) | ഇതിൽ 84 ഓഫീസുകളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. |
| (സി) | ഇതുമായി ബന്ധപ്പെട്ട് എത്ര ഉദ്യോഗസ്ഥരുടെ പേരിൽ നടപടി എടുത്തിട്ടുണ്ട്; | (സി) | മിന്നൽപരിശോധനയുമായി ബന്ധപ്പെട്ട് 5 ഉദ്യോഗസ്ഥരുടെ പേരിൽ കേസും 10 ഉദ്യോഗസ്ഥരുടെ പേരിൽ വിജിലൻസ് അന്വേഷണവും 327 ഉദ്യോഗസ്ഥരുടെ പേരിൽ വകുപ്പുതല നടപടിയും സ്വീകരിക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട് |
| (ഡി) | ആർ.ടി.ഒ. ഓഫീസുകൾ അഴിമതി മുക്തമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (ഡി) | സർക്കാർ ഓഫീസിൽ എത്തുന്നവരുടെ പരാതികൾ അറിയിക്കാൻ വിജിലൻസിന്റെ ടോൾഫ്രീ നമ്പർ സൂചിപ്പിക്കുന്ന ബോർഡ് പ്രദർശിപ്പിക്കുന്നതിനും, മോട്ടോർ വാഹന വകുപ്പിന്റെ സേവനങ്ങൾപൂർണ്ണമായി ഓൺലൈൻ ആക്കുന്നതിനും, ഓതറൈസേഷൻ ഇല്ലാതെ വരുന്ന ഏജന്റുമാരെ ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാൻ ഗതാഗത വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ സംസ്ഥാനത്തുടനീളം മിന്നൽ പരിശോധനകൾ നടത്തുകയും കുറ്റക്കാർക്കെതിരെ ശിക്ഷാ നടപടികൾ ശുപാർശ ചെയ്ത് നടപടി സ്വീകരിക്കുന്നു. |

സെക്ഷൻ ഓഫീസർ